HON'BLE MR. G RAMACHANDRAN:
(*a*) Rs. 50,778 during 1122 M. E.
(*b*) Rs. 2,500.

(*c*) The receipts before the appointment of the Commissioner were below Rs. 25,000. There has been marked improvement in receipts thereafter. The question of the continuance of the posts of Commissioners is under consideration of Government.

വളം വിതരണം.

333. MR. K. K. CHELLAPPAN PILLAI (*Mavelikara II—General*) : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട കൃഷിവകുപ്പു മന്ത്രി സദയം മറുപടി പറയുമോ?

(എ) ൧൯൪൭-ൽ കർഷകർക്ക് വിതരണം ചെയ്തിട്ടുള്ള വളം എത്ര?

(ബി) ൧൯൪൮-ൽ മന്ത്രിസഭാ ഭരണം ഏൽക്കുന്നതുവരെ എത്ര വളം വിതരണം ചെയ്തിട്ടുണ്ട്?

(സി) മന്ത്രിസഭാഭരണകാലത്ത് എത്ര വളം വിതരണം ചെയ്തു?

HON'BLE MR. K. M. KORAH : (*a*) 6484 tons.
(*b*) 4998 tons.
(*c*) 1110 tons.

FINANCIAL BUSINESS:

MR. EAPEN ARACKAL : Sir, on a point of information. Out of the total number of demands only a few of them has been discussed. There is only one day more remaining for discussion on the subject. Even this time is not sufficient

MR. PRESIDENT : അതേപ്പറ്റി ഇനി പ്രസ്താവിക്കേണ്ട ആവശ്യമില്ല. ഫിനാൻഷ്യൽ ബിസിനസിന് ഒരു ദിവസം ഉണ്ടായിരിക്കുമെന്ന് നേരത്തെ പറഞ്ഞിട്ടുണ്ട്. ഒരു ദിവസം എന്നു പറയുന്നതു് ൪ മണിക്കൂറാണ് അതനുസരിച്ചുള്ള സമയം ലഭിക്കുന്നതാണ്.

MR. EAPEN ARACKAL : എഡ്യൂക്കേഷൻ പി. ഡബ്ളിയു. ഡി. മുതലായി ധാരാളം സമയം ആവശ്യമുള്ള ഡിമാൻഡുകൾ ഇനിയും ശേഷിക്കുന്നുണ്ട്. കഴിഞ്ഞ നിയമസഭയിലെ സമയം നോക്കിയാണ് ഇപ്പോഴും സമയം നിശ്ചയിച്ചിരിക്കുന്നതെന്നു തോന്നുന്നു. അന്നത്തെ നിയമസഭയിൽ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ ൪൫ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഇന്നാണെങ്കിൽ ൧൦൦ അംഗങ്ങൾ ഉണ്ട്. അവർക്ക് പല കാര്യ

LIBRARY ARCHIVES Kerala Legislative Assembly

ങ്ങളും സഭയുടെ മുമ്പാകെ പറയാനുണ്ടാകും. സമയം ഇത്ര പരിമിതമായി ക്ലിപ്തപ്പെടുത്തിയാൽ ഏറ്റവും പ്രധാനപ്പെട്ട പല കാര്യങ്ങളും പറയാൻ വിഷമമായിവരും.

MR. PRESIDENT : പായിൻറ് ആഫ് ആർഡറിന് ഒരു പ്രസംഗം ചെയ്യാൻ പാടില്ല.

MR. EAPEN ARAKKAL : സർ, അതുകൊണ്ട് കൂടുതൽ ദിവസങ്ങൾ ഈ കാര്യങ്ങൾക്ക് അനുവദിക്കണം.

MR. PRESIDENT : ഇതു സംബന്ധിച്ചുള്ള റൂൾ 278 ഇപ്രകാരം ആണ്.

"The President in consultation with the Leader of the House shall allot so many days as may be compatible with public interest for discussion and voting of demands for grants."

അതനുസരിച്ച് പ്രസിഡൻറ് ഹൗസിൻെറ ലീഡറുമായി ആലോചിച്ചാണ് 6 ദിവസം എന്നു നിശ്ചയിച്ചതു്. കൂടുതൽ സമയം വേണമെന്നു ഹൗസ് ആവശ്യപ്പെടുകയാണെങ്കിൽ ഈ റൂൾ ഭേദഗതി ചെയ്യുകയോ ഒരു റെസല്യൂഷൻ പാസ്സാക്കുകയോ വേണം.

ഈ അവസരത്തിൽ ഒരു കാര്യം കൂടി പറയണമെന്നു വിചാരിക്കുന്നു. ഇവിടെ ഉപക്ഷേപങ്ങൾ ഹാജരാക്കി പ്രസംഗിക്കുന്നതിനെപ്പറ്റി മി. പി. എം. വർഗ്ഗീസ് ഒരഭിപ്രായം ഉന്നയിക്കുകയുണ്ടായി. ഇവിടെ എല്ലാ ദിവസവും ഇങ്ങനെ ആവശ്യംകൂടാതെ പായിൻറ് ആഫ് ആർഡറുകൾ റെയ്സ് ചെയ്യുക ഒരു പതിവായി തീർന്നിരിക്കുന്നു. പ്രസംഗിക്കാനാഗ്രഹിക്കുന്നവർക്കെല്ലാം സമയം കൊടുക്കാൻ നിവൃത്തിയില്ലാത്തതുകൊണ്ട് ഓരോ പാർട്ടിയിൽനിന്നും ഏതാനുംപേർക്കു മാത്രം സംസാരിക്കാൻ സൗകര്യം കൊടുക്കാമെന്നും അങ്ങിനെ സംസാരിക്കുന്നവരുടെ ഒരു ലിസ്റ്റ് മുന്നു പാർട്ടികളുടെയും വിപ്പുകൾവഴി തരണമെന്നും ഞാൻ ആവശ്യപ്പെട്ടു. അതനുസരിച്ച് ചില ഉപക്ഷേപങ്ങൾക്ക് ലിസ്റ്റ് തന്നതനുസരിച്ചാണ് പേർ വിളിച്ചിട്ടുള്ളതു്. റൂളുകൾ ശരിയായി വായിച്ചുപഠിക്കാതെ റൂളിലുള്ള കാര്യങ്ങൾക്കുതന്നെ പായിൻറ് ആഫ് ആർഡറുകൾ റെയ്സുചെയ്യുന്നതു് ഇവിടെ സാധാരണമായിത്തീർന്നിരിക്കുന്നു. അതുകൊണ്ടു ബഹുമാനപ്പെട്ട മെമ്പറന്മാർ റൂളുകൾ വായിച്ചുപഠിക്കണമെന്നും അനാവശ്യമായി പായിൻറ് ആഫ ആർഡറുകൾ റെയ്സുചെയ്തു സമയം കളയരുതെന്നും എനിക്ക് ഒരഭ്യർത്ഥനയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

MR. P. M. VARGHESE : സർ, അനാവശ്യമായ പായിൻറ് ഓഫ് ഓർഡർ എന്തു പറഞ്ഞതു്

MR. PRESIDENT : പറഞ്ഞതു ശരിതന്നെ. അനാവശ്യമായി പായിൻറ് ഓഫ് ഓർഡറുകൾ റെയിസ് ചെയ്തിട്ടുണ്ട്.

DEMAND X—JAILS (Contd.)

MR. G. CHANDRASEKHARA PILLAI (*Neyyattinkara II—General*) : സർ, ജയിൽ ഡിപ്പാർട്ടുമെൻറിൻെറ ഭരണത്തിലുള്ള ചില ദോഷങ്ങളെ ചൂണ്ടിക്കാണിക്കുന്നതിനാണു് ഞാൻ എൻെറ ഖണ്ഡനോപക്ഷേപംമൂലം ഉദ്ദേശിക്കുന്നതു്. ആദ്യമായി എനിക്കു ഇന്നു് ജയിൽസൂപ്രണ്ടായി നിയമിക്കപ്പെടുന്ന ആളുകളെപ്പറ്റിയാണു് പറയാനുള്ളതു്. പതിവായി ജയിൽസൂപ്രണ്ടായി നിയമിക്കപ്പെടുന്നതു് പോലീസ് ഉദ്യോഗസ്ഥനാണു്. അതൊരു ആശാസ്യമായ നടപടിയാണെന്നു എനിക്കു തോന്നുന്നില്ല. ഫസ്റ്റ് ഗ്രേഡിൽ ജയിൽസൂപ്രണ്ടായിരുന്ന പോലീസ് ഉദ്യോഗസ്ഥൻെറ ചെയ്തികളെ ആസ്പദമാക്കി പറയുകയാണെങ്കിൽ ജയിൽ സൂപ്രണ്ടന്മാരായി വരുന്ന പോലീസ് ഉദ്യോഗസ്ഥന്മാരുടെ ഭരണം ആ ഡിപ്പാർട്ടുമെൻറിനു് തീരെ ഉതകുന്നതല്ലെന്നും നേരെമറിച്ചു് ജയിൽഭരണം നല്ല രീതിയിൽ നടത്തിക്കൊണ്ടുപോകണമെങ്കിൽ പോലീസ് ഉദ്യോഗസ്ഥന്മാരെ ജയിൽസൂപ്രണ്ടന്മാരായി നിയമിക്കാതിരിക്കുന്നതു് നന്നായിരിക്കുമെന്നുമാണു്. നിവൃത്തിയുള്ളിടത്തോളം പോലീസ് ഉദ്യോഗസ്ഥന്മാരെ ജയിൽ ഭരണത്തിൽ കൈകടത്താൻ അനുവദിക്കരുതു്. ജയിലിൽതന്നെ ഉള്ള ഉദ്യോഗസ്ഥന്മാർക്കു് പ്രൊമോഷൻ കൊടുക്കുകയോ, അല്ലെങ്കിൽ പോലീസ് ഒഴിച്ചു് മറ്റു ഡിപ്പാർട്ടുമെൻറിലുള്ള ആളുകളെ ജയിൽ സൂപ്രണ്ടന്മാരായി നിയമിക്കുകയോ ചെയ്യുന്നതു നന്നായിരിക്കും.

അടുത്തതായി എനിക്കു പറയുവാനുള്ളതു് ജയിൽ വാർഡറന്മാരെപ്പറ്റിയാണു്. അവരുടെ ശമ്പളം തീരെ തുച്ഛമായതുകൊണ്ടു് നമുക്കെല്ലാവർക്കും അറിയാം. അവർക്കു് ജീവിക്കുന്നതിനുള്ള ശമ്പളം കൊടുക്കേണ്ടതാണു്. നിവൃത്തിയുള്ളപക്ഷം അവർക്കു ജയിൽ കാമ്പൗണ്ടിൽതന്നെ ഫ്രീ ക്വാർട്ടേഴ്സ കെട്ടിക്കൊടുക്കണം. അങ്ങിനെ ചെയ്യുവാണെങ്കിൽ അവർക്കു അവരുടെ ജോലികൂടി കൂടുതൽ കാര്യക്ഷമമായവിധത്തിൽ നിർവഹിക്കാൻ സാധിക്കുമെന്നുള്ളതിനു രണ്ടുപക്ഷമില്ല.

LIBRARY ARCHIVES Kerala Legislative Assembly